# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3154** 14-03-2018-ൽ മറുപടി നൽകേണ്ടത്

**<u>മാവേലിക്കരയിൽ റീജിയണൽ സയൻസ് സെന്ററും പ്ലാനറ്റോറിയവും</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | : പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | |
|---|---|
| (എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ റീജിയണൽ സയൻസ് സെന്ററും പ്ലാനറ്റോറിയവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ; | (എ) തൽക്കാലം പരിഗണനയിലില്ല. |
| (ബി) ഇത്തരം സംവിധാനം കേരളത്തിൽ നിലവിൽ എവിടെയൊക്കെയുണ്ടെന്ന് അറിയിക്കുമോ? | (ബി) റീജിയണൽ സയൻസ് സെന്ററും പ്ലാനറ്റോറിയവും അതിനനുബന്ധമായിട്ടുള്ള വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, പ്രദർശന ഗ്യാലറികൾ, കിഡ്സ് കോർണർ മുതലായ സംവിധാനങ്ങൾ കേരളത്തിൽ തിരുവനന്തപുരത്തും, കോഴി-ക്കോട്ടും പ്രവർത്തിച്ച് വരുന്നുണ്ട്. ചാലക്കുടിയിൽ റീജിയണൽ സയൻസ് സെന്ററിന്റേയും പ്ലാനറ്റോറിയത്തിന്റേയും പണികൾ പൂർത്തീകരിച്ച് വരുന്നു. പരപ്പനങ്ങാടിയിൽ റീജിയണൽ സയൻസ് |

| | |
|---|---|
| | സെന്ററിന്റേയും, പ്ലാനറ്റോറിയത്തിന്റേയും പണികൾ ആരംഭഘട്ടത്തിലാണ്. കോട്ടയം കുറവിലങ്ങാട് താലൂക്കിൽ ഇതെല്ലാം ഉൾപ്പെടെയുള്ള തെക്കേ ഇൻഡ്യയിലെ തന്നെ ഏറ്റവും മികച്ച സംരംഭമായ സയൻസ് സിറ്റിയുടെ പണികൾ നടന്നു വരികയാണ്. |
| (സി) ഇതിനാവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) ഇതിലേയ്ക്കായി ഗതാഗത സൗകര്യവും കുടിവെള്ള ലഭ്യതയും, മാലിന്യ നിർമ്മാർജ്ജന സൗകര്യവുമുള്ള അഞ്ചേക്കർ ഭൂമി എങ്കിലും ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**